"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ 2025-26 - തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ ഡി.ടി.പി.സി.കൾക്ക് പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും റെസ്യൂം ചെയ്ത തുക തിരികെ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.269/2026/TSM തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:- 1. 01/04/2026 ലെ 17/2026/ഫിൻ നം സർക്കുലർ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 06.05.2026 ലെ DOT/1063/2026-P7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതിയുടെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തിലെ ചെലവുകൾക്കായി തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലാ ഡി.ടി.പി.സി. കൾക്ക് അനുവദിച്ച തുകയിൽ അതാത് ഡി.ടി.പി.സി. കളുടെ പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ അവശേഷിച്ച തുക സാമ്പത്തിക വർഷാവസാനം സർക്കാർ തിരിച്ച് എടുത്തിരുന്നു എന്നും അതിനാൽ ക്ലീനിംഗ് ജീവനക്കാരുടെ ശമ്പളം ഉൾപ്പടെയുള്ള ചെലവുകൾ നിറവേറ്റുന്നതിന് ടി തുക ഡി.ടി.പി.സി. കളുടെ പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് വീണ്ടും അനുവദിച്ചു നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2.ടി.ഡി.ടി.പി.സി. കളിൽ നിന്നും റെസ്യൂം ചെയ്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | അക്കൗണ്ട് നം | തിരികെ അനുവദിക്കേണ്ട തുക |
|---|---|---|
| തിരുവനന്തപുരം | 799012700001114 | 10,22,333/- |
| ആലപ്പുഴ | 799012700000916 | 10,58,850/- |
| പത്തനംതിട്ട | 799012700000704 | 4,28,905 |
| ഇടുക്കി | 799012700000719 | 11,07,000/- |
| കോഴിക്കോട് | 799012700001354 | 6,70,132/- |
| കണ്ണൂർ | 799012700001324 | 8,36,550/- |
| കാസർഗോഡ് | 799012700000771 | 6,84,775/- |
| | ആകെ | 58,08,545/- |

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതിക്കായി 5452-01-101-99-34-3(Plan) എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാൽ, പരാമർശിത സർക്കുലറിലെ നിർദ്ദേശപ്രകാരവും, ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായും 2025-26 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലാ ഡി.ടി.പി.സി. കളുടെ പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഉൾക്കൊള്ളിച്ച തുകകൾ മേൽ പട്ടികയിൽ വിവരിച്ച പ്രകാരം അതാത് ഡി.ടി.പി.സി.കളുടെ പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

1.റെസ്യൂം ചെയ്ത തുക തിരികെ അനുവദിച്ച നടപടി 2026-27 സാമ്പത്തിക വർഷം ചേരുന്ന ആദ്യ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ സാധൂകരണത്തിനായി വിനോദ

സഞ്ചാര വകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

**2.2025-26** സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ ഘടകങ്ങൾക്ക് തന്നെയാണ് ടി തുക വിനിയോഗിക്കുന്നതെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (C1/146/2026-TOUR)

ഉത്തരവിൻ പ്രകാരം

Signed by Sajila T
Date: 03-06-2026 17:17:33
സെക്ഷൻ ഓഫീസർ